**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 244** — **07.02.2018-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. രാജഗോപാലൻ<br>" കെ. ആൻസലൻ<br>" എ.എം. ആരിഫ്<br>" കെ. ദാസൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിൽ മുന്നേറ്റം ലക്ഷ്യമാക്കിക്കൊണ്ടുള്ള മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | കടൽ, കായൽ മത്സ്യവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം കണ്ടെത്തുന്ന തിനും അവിടങ്ങളിലേയ്ക്കുളള പ്രവേശനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പു വരുത്തുന്നതിനും അവരുടെ പ രമ്പരാഗതമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമം ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കടൽ മത്സ്യ സമ്പത്തിന്റെ ശോഷണം തടയാനായി നടത്തുന്ന ഇടപെടൽ എന്തെല്ലാമാണ്; ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളുടേയും പങ്കാളിത്തത്തോടെ വിഭവ മാനേജ്മെന്റ് നയം രൂപീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | മൺസൂൺകാല ട്രോളിംഗ് നിരോധനം, വലകളുടെ കണ്ണിവലിപ്പ നിയന്ത്രണം, ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കൽ, യാനങ്ങളുടെ കുതിരശക്തി പരിമിതപ്പെടുത്തൽ, കടൽ പട്രോളിംഗ് ശക്തിപ്പെടുത്തൽ എന്നിങ്ങനെ വിവിധ ഇടപെടലുകൾ കടൽ മത്സ്യബന്ധനത്തിന്റെ ശോഷണം തടയുന്നതിന് നടത്തി വരുന്നു.<br><br>മത്സ്യമേഖലാ വിഭവ മാനേജ്മെന്റ് കൗൺസിലിൽ മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കാൻ KMFR Act ഭേദഗതി ചെയ്തിട്ടുണ്ട്. നിയമ ഭേദഗതികൾ കണക്കിലെടുത്ത് ആവശ്യമായ ചട്ടഭേദഗതിയും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | മത്സ്യ മാർക്കറ്റ് ആധുനികവത്ക്കരണത്തിനും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മത്സ്യ സമ്പത്തിനെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | മത്സ്യമാർക്കറ്റുകളുടെ ആധുനികവത്കരണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായത്തോടെ പ ദ്ധതി നടപ്പാക്കി വരുന്നു. 34 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികഴിഞ്ഞു. മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനും സഹായകമായ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നത് തദ്ദേശസ്വയംഭരണ മന്ത്രിയുമായി കൂടിയാലോചിച്ച് നടപ്പാക്കുന്നതാണ്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ് എന്നിവയുടെ നേതൃത്വത്തിൽ മത്സ്യത്തെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണനവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ